റവന്യൂ കമ്മി

153 (3307) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും അവതരിപ്പിച്ച ബഡ്ജറ്റിൽ നിർണ്ണയിക്കപ്പെട്ട റവന്യൂ കമ്മി എത്രയായിരുന്നുവെന്നും പിന്നീട് ഓരോ വർഷത്തെ യഥാർത്ഥ റവന്യൂ കമ്മി എത്ര ശതമാനമായിരുന്നുവെന്നും വിശദമാക്കാമോ;

(ബി) സർക്കാർ പാസ്സാക്കിയ നിയമത്തിന്റെ വ്യവസ്ഥയനുസരിച്ച് 2014-15 അവസാനിക്കുമ്പോൾ റവന്യൂ കമ്മി എത്രയായി കുറയണമായിരുന്നു; യഥാർത്ഥത്തിൽ എത്രയായി കുറയ്ക്കുകയുണ്ടായി; 2015-16 അവസാനിക്കുമ്പോൾ റവന്യൂകമ്മി എത്രയായി നിയമവ്യവസ്ഥ പ്രകാരം കുറയേണ്ടതുണ്ട്; ഇപ്പോഴത്തെ സ്ഥിതിയിൽ റവന്യൂ കമ്മി എത്രയായി വർദ്ധിക്കും; വിശദമാക്കാമോ;

(സി) പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് എന്തെങ്കിലും പുതിയ ആനുകൂല്യങ്ങൾ നൽകിയതിന്റെ പേരിൽ റവന്യൂ കമ്മി കൂടുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ബഡ്ജറ്റിൽ പറയാതിരുന്ന പുതിയ ആനുകൂല്യങ്ങൾ എന്തൊക്കെയായിരുന്നു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ബഡ്ജറ്റിൽ നിർണ്ണയിക്കപ്പെട്ട റവന്യൂകമ്മിയുടെയും ഈ വർഷങ്ങളിലെ യഥാർത്ഥ റവന്യൂ കമ്മിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

	2011-12	2012-13	2013-14	2014-15	2015-16
			രൂപ കോടിയിൽ		
പ്രതീക്ഷിച്ച റവന്യൂ കമ്മി	5533.91	3463.77	2269.97	7131.69	7831.92
യഥാർത്ഥ റവന്യൂ കമ്മി	8034.26	9351.44	11308.55	12916.65'	196.43#

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം

#അക്കൗണ്ടന്റ് ജനറലിന്റെ മേയ് മാസം വരെയുള്ള കണക്കുകൾ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2011-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ഭേദഗതി ആക്ട് പ്രകാരം 2014-15 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ റവന്യു കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പൂജ്യം ശതമാനം ആകേണ്ടതാണ്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തെ റവന്യു കമ്മി സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2.8 ശതമാനമാണ്. 2015-16 സാമ്പത്തികവർഷം അവസാനിക്കുമ്പോൾ റവന്യു കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പൂജ്യം ശതമാനം ആയിരിക്കണം. സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ കണക്കുകൾ ലഭിക്കുമ്പോൾ മാത്രമേ റവന്യു കമ്മി എത്രയായി വർദ്ധിക്കുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് പുതിയ ആനുകൂല്യങ്ങൾ നൽകിയതിന്റെ പേരിൽ റവന്യു കമ്മി കൂടിയിട്ടില്ല. വിവിധ റവന്യു വരുമാന സ്രോതസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്തതാണ് റവന്യു കമ്മി കൂടാനുള്ള പ്രധാന കാരണം.

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ബസ്സുകൾ

154 (3308) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ബസുകൾ വാങ്ങി നൽകുന്നതിന് അനുമതി തേടിക്കൊണ്ട് ഗതാഗത വകുപ്പ് നൽകിയ ഫയൽ എന്നാണ് ധനകാര്യ വകുപ്പിലെത്തിയത്; എത്ര എം.എൽ.എ.മാരുടെ എത്ര കോടി രൂപയുടെ നിർദ്ദേശമാണ് വന്നത്;

(ബി) ഇവർക്ക് ധനകാര്യ വകുപ്പ് കൺകറൻസ് നൽകുകയുണ്ടായോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് കൺകറൻസ് നൽകാതിരുന്നതെന്ന് വിശദമാക്കുമോ;

(സി) നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി നൽകിയ ഈ പാക്കേജിന് പ്രത്യേക പരിഗണന നൽകി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് ബസ്സ് വാങ്ങുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ഗതാഗത വകുപ്പിൽ നിന്നും ലഭിച്ച ഫയലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഫയൽ നമ്പർ 9837/A2/2014/ഗതാഗതം തീയതി 21-7-2014.

LIBRARY ARCHIVES Kerala Legislative Assembly